ഒരു അടിപിടി കേസുമായി ബന്ധപ്പെട്ട് ജില്ലാ ആശുപത്രിയിൽ പോയിരുന്നു. അതിൽ രണ്ടുപേരുടെ നില ഗുരുതരമായതുകൊണ്ട് സ്കാൻ എടുക്കണമെന്ന് ഡോക്ടർ എഴുതിക്കൊടുത്തു. രണ്ടും കർഷകത്തൊഴിലാളികളാണ്. അവർ വെങ്കിടേശ ആശുപത്രിയിൽ പോയി, അവിടെ മൂവായിരം രൂപ കെട്ടിവെയ്ക്കണമെന്ന് പറഞ്ഞു. രണ്ടുപേർക്കും അത് കഴിയാത്തതുകൊണ്ട് വന്ന ബുദ്ധിമുട്ട് പല ആളുകളിൽ നിന്നും പിരിച്ചെടുത്തിട്ടാണ് സ്കാൻ എടുക്കാനുള്ള സംവിധാനം ഉണ്ടായത്. അതുകൊണ്ട് ജില്ലാ ആശുപത്രികളിൽ അടിയന്തിരമായി സ്കാൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : ചെലവേറിയ ഒരു സമ്പ്രദായത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. വളരെ കാര്യമായ ആലോചനയ്ക്കു ശേഷമേ മറുപടി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ടി.കെ. ബാലൻ : വടക്കേ മലബാറിൽ ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി മലബാർ ക്യാൻസർ കെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പല പഞ്ചായത്തുകളിലും ക്യാൻസർ ബാധ ഉണ്ടായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് പ്രഥമികമായ സർവ്വേ നടത്തുന്നുണ്ട്. ഇപ്പോൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായിത്തന്നെ ഗ്രാമ പഞ്ചായത്തുകളിൽ ഇത്തരത്തിലുള്ള നിരവധി സ്കീമുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സ്തുത്യർഹമായരീതിയിൽ സേവനമനുഷ്ഠിക്കുന്ന ആർ.സി.സി.യിലെ ഡോക്ടർമാരുടെ ടീമാണ് ഇത് നടത്തുന്നത്. ഇതിന്റെ എണ്ണം വളരെ അപര്യാപ്തമാണ്. അതുകൊണ്ട് ഈ സ്കീം വിജയിപ്പിക്കാൻ ആർ.സി.സി.യിൽ നിന്ന് കൂടുതൽ ഡോക്ടർമാരെയും, വിദഗ്ദ്ധരെയും ഗ്രാമപ്രദേശങ്ങളിലേക്ക് ഡെപ്യൂട്ട് ചെയ്യുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി.സി. കബീർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നല്ലൊരു നിർദ്ദേശമാണ്. ഈ ബുദ്ധിമുട്ടുകൾ എല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. തീർച്ചയായും ഗ്രാമ പ്രദേശങ്ങളിൽ ജനകീയാസൂത്രണ പദ്ധതി അനുസരിച്ച് നടത്തുന്ന നിരീക്ഷണ ക്യാമ്പുകളിലേക്ക് ആർ.സി.സി.യിൽ നിന്ന് ഡോക്ടർമാരുടെ ഒരു ടീമിനെക്കൂടി അയക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

പി.എസ്.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

2 (*152)ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ ഫലമായി പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പി.എസ്.സിയുടെ പ്രവർത്തനം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് പരീക്ഷ നടത്തുന്നതിനും അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) പരീക്ഷ നടത്തിപ്പിന് കൃത്യമായ ടൈം ഷെഡ്യൂൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.യിൽ അനുവദിച്ച തസ്തികകളുടെ വിശദവിവരം അറിയിക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ : സർ,

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷന്റ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകൾ അനുവദിക്കുകയും പരീക്ഷാ സംബന്ധമായ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി ഒബ്ജക്ടീവ് മാതൃകയിൽ നടത്തുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുന്നതിനായി ഒപ്ടിക്കൽ മാർക്ക് റീഡർ (ഒ.എം.ആർ.) എന്ന കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. പബ്ലിക് സർവ്വീസ് കമ്മിഷൻ ജീവനക്കാർക്ക് സെക്രട്ടേറിയറ്റ് ജീവനക്കാരുമായി പാരിറ്റി തത്വത്തിൽ അംഗീകരിക്കുകയും രണ്ട് ഘട്ടമായി 74 തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ നടപടികളുടെ ഫലമായി 1.1.'99 മുതൽ 31-12-'99 വരെയുള്ള കാലയളവിൽ 493 തസ്തികകളിലായി 2,237,820 ഉദ്യോഗാർത്ഥികളെ എഴുത്തു പരീക്ഷയ്ക്ക് വിധേയമാക്കുകയുണ്ടായി. ഇതേ കാലയളവിൽ 415 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും 18,034 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുകയുമുണ്ടായി. കൂടാതെ വിവിധ തസ്തികകളുടെ 301 ഷോർട്ട് ലിസ്റ്റുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.†

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി)&(ഇ) വളരെയധികം ഒഴിവുകൾ വരാറുള്ള എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ്, വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ തുടങ്ങിയ തസ്തികകളുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് തന്നെ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കാറുണ്ട്. എന്നാൽ പ്രായോഗിക കാരണങ്ങളാൽ സമയപരിധി ഏർപ്പെടുത്തുവാൻ നിർവാഹമില്ല.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് സർവ്വീസ് കമ്മിഷൻ ഓഫീസിൽ 123 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 22 തസ്തികകളുടെ പദവി ഉയർത്തിയിട്ടുമുണ്ട്. വിശദവിവരം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. കൂടാതെ വർഷങ്ങളായി കുടിശ്ശികയായിട്ടുള്ള ജോലികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേക്ക് ഒരു അരിയർ ക്ലിയറൻസ് സെൽ രൂപീകരിക്കാനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. ജയരാജൻ : 86 ലക്ഷത്തോളം അപേക്ഷ കെട്ടിക്കിടക്കുന്ന ഒരു സ്ഥാപനമാണ് പി.എസ്.സി. അങ്ങ് ഇവിടെ പറഞ്ഞതുപോലെ ഒബ്ജക്ടീവ് മാതൃകയിൽ നടത്തുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുന്നതിനായി ഒ.എം.ആർ. എന്ന പേരിൽ അറിയപ്പെടുന്ന സംവിധാനം ഇപ്പോൾ പി.എസ്.സി.യുടെ ആസ്ഥാനത്ത് മാത്രമാണ്. ജില്ലകളിലാണ് ഇന്ന് പല റിക്രൂട്ട്മെന്റുകളും നടക്കുന്നത് അതുകൊണ്ട് ജില്ലകളിൽ കൂടി ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : കേരളാ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ റിക്രൂട്ട്മെന്റ് വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കാനുള്ള പ്രൊപ്പോസൽ കെ.പി.എസ്.സി. സെക്രട്ടറി ഗവൺമെന്റിന് അയച്ചു. അതിന്റെ തുടർ നടപടി എന്ന വണ്ണം കെൽട്രോണിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2000-2001 വർഷത്തിൽ ബഡ്ജറ്റിൽ പണം വകയിരുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ എങ്ങനെ നടപ്പിലാക്കണമെന്നതിനെക്കുറിച്ച് പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ ടെക്നിക്കൽ കമ്മിറ്റി കെൽട്രോണുമായി ചർച്ച ചെയ്ത് സെക്രട്ടറി സമർപ്പിച്ചിട്ടുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കും. ജില്ലാ ഓഫീസുകളുടെ കാര്യവും പരിഗണിക്കുന്നതാണ്.

ശ്രീ. എം.വി. ജയരാജൻ : പബ്ലിക് സർവ്വീസ് കമ്മിഷന്റെ അധിക ജോലിഭാരം പരിഗണിച്ചുകൊണ്ടാണ് 209 തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടത്. അങ്ങ് ഇവിടെ പറഞ്ഞിട്ടുള്ളത് പ്രകാരമാണെങ്കിൽ 123 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടാണ് ഗവൺമെന്റ് പബ്ലിക് സർവ്വീസ് കമ്മിഷന്റെ ജോലിഭാരം ലഘൂകരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മിഷൻ ആവശ്യപ്പെട്ടതുപോലെ തന്നെ 209 തസ്തികയും സൃഷ്ടിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : പബ്ലിക് സർവ്വീസ് കമ്മിഷന് ആവശ്യമുള്ള തസ്തിക അനുവദിച്ചു കൊടുക്കുവാൻ ഗവൺമെന്റിന് അതിയായ താൽപര്യമുണ്ട്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി എത്ര വേണ്ടിവരുമെന്ന് ഒന്നുകൂടി സമൂർത്തമായി പരിശോധിച്ചശേഷം സാമ്പത്തിക പരിമിതി കണക്കിലെടുത്തുകൊണ്ടു മാത്രമേ അധിക തസ്തികകളുടെ എണ്ണം നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എൻ.ആർ. ബാലൻ : ഉദ്യോഗാർത്ഥികൾ പി.എസ്.സി.യുമായി ബന്ധപ്പെടുന്ന അവസരത്തിൽ അവർക്ക് യഥാവസരത്തിൽ കൃത്യമായ വിവരം ലഭിക്കുന്നതിന് ഉപകരിക്കത്തക്ക വിധത്തിൽ ഇൻഫർമേഷൻ ടെക്നോളജി പ്രയോജനപ്പെടുത്തി എന്തെങ്കിലും സംവിധാനം പി.എസ്.സി. ഓഫീസിൽ ഉണ്ടാക്കുന്നതിന് ഗവൺമെന്റിന് വല്ല ആലോചനയും ഉണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : പബ്ലിക് സർവ്വീസ് കമ്മിഷൻ ഓഫീസ് മാത്രമല്ല നമ്മുടെ ഭരണത്തിന്റെ എല്ലാ വിഭാഗവും കമ്പ്യൂട്ടർ ശൃംഖലയിൽ കൊണ്ടുവന്ന് ഓരോ പഞ്ചായത്തിലും അതിനുള്ള സംവിധാനം ഉണ്ടാക്കി ഗവൺമെന്റിന്റെ എല്ലാ വിഭാഗത്തിലുള്ള പ്രവർത്തനവും കുറച്ചുകൂടി സുതാര്യവും പ്രതികരണശേഷിയും ഉള്ളതാക്കി മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ സുതാര്യത വെളിവാക്കാൻ വേണ്ടി ഇൻഫർമേഷൻ ടെക്നോളജിയുടെ ആദ്യഘട്ടം തുടങ്ങിക്കഴിഞ്ഞു. അത് പബ്ളിക് സർവ്വീസ് കമ്മിഷനിലേക്കും നിശ്ചയമായും ബാധകമാക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ.ആർ. ബാലൻ : സുപ്രീംകോടതിയുടെ വിധിയെതുടർന്ന് നിയമനങ്ങൾ നിറുത്തിവച്ചതിന്റെ ഭാഗമായി ഈ അടുത്ത മാസങ്ങളിലായി കാലാവധി തീർന്നിട്ടുള്ള പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി നീട്ടിക്കൊടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിറുത്തിവച്ച നിയമനം പുനരാരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലില്ല;

ശ്രീ. ജോൺ ഫെർണാണ്ടസ് : ഇപ്പോൾ പി.എസ്.സി യിൽ കാലതാമസം വരുന്നത് ഉദ്യോഗാർത്ഥികൾ അയയ്ക്കുന്ന അപേക്ഷ പരിശോധിച്ച് അതിൽ നിന്നും ആളെ തെരഞ്ഞെടുക്കുന്നതിനാണ്. ഇത് പരിഹരിക്കുന്നതിന് ഒരു പരീക്ഷയ്ക്കുവേണ്ടി അപേക്ഷ അയച്ചുകഴിഞ്ഞാൽ ആ അപേക്ഷ ജില്ലാതലത്തിൽ തന്നെ വളരെ പെട്ടെന്ന് പരിശോധിക്കാൻ കഴിയുന്ന ഒരു സംവിധാനത്തെക്കുറിച്ചു ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : അത് പരിഗണിക്കത്തക്ക രീതിയിലുള്ള ഒരു നിർദ്ദേശമാണ്. ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എൻ.ആർ. ബാലൻ : ഒരു അപേക്ഷ അയച്ചു കഴിഞ്ഞാൽ ആ അപേക്ഷയുടെ അടിസ്ഥാനത്തിൽ പി.എസ്.സി പരീക്ഷ കൃത്യമായും ആറ് മാസത്തിനുള്ളിൽ തന്നെ നടത്തി അതിന്റെ ഫലം പുറത്തുകൊണ്ടുവരുമെന്ന കർക്കശമായ തീരുമാനം എടുത്താൽ ഇന്നുള്ള കാലതാമസം കുറെയൊക്കെ പരിഹരിക്കാൻ കഴിയും. 35-വയസ്സിൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന ആളുകൾക്ക് ഒരു പക്ഷേ 38-മത്തെ വയസ്സിൽ ആയിരിക്കും പരീക്ഷ എഴുതുന്നതിനുള്ള അറിയിപ്പ് കിട്ടുന്നത്. ഇങ്ങനെ വലിയ കാലതാമസം ഉണ്ടാകുന്നത് ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുകയാണ്. അത് കുറയ്ക്കാൻ, അപേക്ഷ അയച്ചാൽ അപേക്ഷ കിട്ടുന്ന മുറയ്ക്ക് ആറ് മാസത്തിനുള്ളിൽ തന്നെ പരീക്ഷ നടത്തും എന്നുള്ള ഒരു തീരുമാനം പ്രഖ്യാപിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഈ പരീക്ഷ നടത്തുന്നതിലും, വാലുവേഷൻ വരുന്ന താമസവും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അത് പരിഹരിക്കാൻ ഇനിമുതൽക്കുള്ള ആപ്ളിക്കേഷൻ ഫാമിന്റെ ഡിസൈൻ തന്നെ മാറ്റുകയാണ്. കമ്പ്യൂട്ടർ പ്രോസസ്സിംഗിന് സാദ്ധ്യമായ രീതിയിലാണ് ഈ ആപ്ലിക്കേഷൻ ഫാം ഡിസൈൻ ചെയ്തിരിക്കുന്നത് ഇത് കുറെ ചെലവുള്ള കാര്യമാണ്. അത് ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചു കഴിഞ്ഞു. പബ്ലിക് സർവീസ് കമ്മിഷന് അതിന് അനുമതിയും കൊടുത്തു കഴിഞ്ഞു. വളരെയധികം ടെസ്റ്റുകൾ ഒബ്ജക്റ്റീവ് ടൈപ്പ് ആണ്. കമ്പ്യൂട്ടറൈസ്ഡ് വാലുവേഷൻ ആകുമ്പോൾ അത് റിലയബിൾ ആക്കാനും ഡിലേ ഒഴിവാക്കാനും വേണ്ടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 29-02-2000-ത്തിൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ ലാബ് അസിസ്റ്റൻസിന്റെ പരീക്ഷയിൽ ഒ.എം.ആർ ഉപയോഗിച്ച് മൂല്യനിർണ്ണയം നടത്തത്തക്ക രീതിയിലാണ് സജ്ജമാക്കിയിട്ടുള്ളത്. കാലതാമസം ഒഴിവാക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചു വരുന്നു. ഇത് ഫലപ്രദമാക്കാൻ പുതിയ നിർദ്ദേശങ്ങൾ ലഭിച്ചാൽ നിശ്ചയമായും അത് പരിഗണിക്കുന്നതും അത് ഗവൺമെന്റിന് കൂടുതൽ സഹായകരമായിരിക്കുന്നതുമാണ്.

ശ്രീ. കെ.എം. മാണി : പി.എസ്.സി പരീക്ഷയ്ക്ക് അപേക്ഷ അയച്ച പലർക്കും ഹാൾടിക്കറ്റ് അയച്ചുകൊടുക്കുകയുണ്ടായില്ല. അതിൽ പ്രതിക്ഷേധിച്ച് സമരമൊക്കെ നടക്കുകയുണ്ടായി. അപേക്ഷകർക്ക് ഹാൾടിക്കറ്റ് അയച്ചു കൊടുക്കാത്ത ആ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുമോ, പി.എസ്.സി അതിനെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : ഹാൾടിക്കറ്റ് അയയ്ക്കുന്നതിനും മറ്റുമുള്ള കാലതാമസം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് വളരെ ഗൗരവമേറിയതാണ്. ആ അപാകതകൾ പരിഹരിക്കാൻ സത്വരനടപടികൾ കൈക്കൊള്ളുന്നതാണ്. കേരള പബ്ലിക് സർവീസ് കമ്മിഷനിൽ 1324 ആളുകളാണ് ജോലിചെയ്യുന്നത്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷനിൽ ഇന്ന് 2102 ആളുകൾ ഉണ്ട്. കേരള പബ്ളിക് സർവ്വീസ് കമ്മിഷനിലെ കാൻഡിഡേറ്റ്സ് യു.പി.എസ്.സി യെക്കാൾ ഇരട്ടിയിൽ അധികമാണ്. ഒരു കൊല്ലത്തിൽ കേരള പബ്ലിക് സർവീസ് കമ്മിഷൻ 400 പരീക്ഷകൾ നടത്തുമ്പോൾ യു.പി.എസ്.സി 20 പരീക്ഷ മാത്രമാണ് നടത്തുന്നത്. ഇത് ഒന്ന് കമ്പയർ ചെയ്യുമ്പോൾ നമുക്കറിയാം കെ.പി.എസ്.സി-യിലെ ജീവനക്കാരുടെ പരിമിതി, അതിന്റെ അപാകത കമ്പ്യൂട്ടറൈസേഷൻ ഇവ എല്ലാം. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കാനുള്ള സത്വരനടപടികൾ കൈക്കൊള്ളാനാണ് കേരള പബ്ലിക് സർവീസ് കമ്മിഷന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുന്നത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : ഇപ്പോൾ പബ്ലിക് സർവ്വീസ് കമ്മിഷൻ ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഒരുപാട് കാലതാമസം വരുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു. അങ്ങനെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒരാളെപ്പോലും നിയമിക്കാതെ അത് ക്യാൻസലായിപോകുന്ന അനുഭവമുണ്ട്. പ്രത്യേകിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങളിൽ ഇത് സംഭവിക്കാതിരിക്കാൻ, വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ബഹുമാനപ്പെട്ട അംഗം പബ്ലിക് സർവ്വീസ് കമ്മിഷനിലെ വളരെ ഗൗരവമായ പ്രശ്നത്തിലേക്കാണ് വിരൽ ചൂണ്ടിയിരിക്കുന്നത് എന്ന് വെച്ചാൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അത് ലാപ്സ് ആയി പോകുന്നതുവരെ ഒരാളെപ്പോലും അതിൽ നിന്ന് നിയമിക്കുന്നില്ല എന്ന അവസ്ഥ ഏത് റാങ്ക് ലിസ്റ്റിലാണ് പറ്റിയത്. എന്തുകൊണ്ടാണ് അതിൽ ഒരാളെപ്പോലും നിയമിക്കാതെ വന്നത് ഈ കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് ഇത്തരത്തിലുള്ള കാര്യങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ യുക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട കെ.എം. മാണിയുടെയും, ശ്രീ. എം.വി. ജയരാജന്റെയും ചോദ്യത്തിനുള്ള മറുപടിയായി ഉദ്യോഗസ്ഥരുടെ കാര്യമാണ് പറഞ്ഞത്. അങ്ങ് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷനിൽ ഉള്ളതിനേക്കാൾ കൂടുതൽ ഉദ്യോർത്ഥികൾ ഇവിടെ ഉള്ളതായി സൂചിപ്പിച്ചു. ശരിയാണ്. പക്ഷേ കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. എല്ലാവർക്കും തൊഴിൽ കൊടുക്കാൻ പി.എസ്.സി. തലത്തിലുള്ള പരീക്ഷ, ലഭ്യമാകുന്ന പോസ്റ്റുകളിലേയ്ക്ക് അപ്പോയിന്റ്മെന്റ് നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം. പി.എസ്.സി-യിൽ ഇതിന് കാലതാമസം വരുന്നത്ര തന്നെ പ്രധാനപ്പെട്ട കാരണം ആവശ്യമായ ജീവനക്കാർ ഇല്ല എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

താണ്. എല്ലായിടത്തും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയാൽ പോരാ. മനുഷ്യവിഭവം വേണം. അങ്ങ് പറഞ്ഞതുപോലെ നയപരമായ ഒരു കാര്യം ഗവൺമെന്റ് തീരുമാനിക്കണം. അങ്ങ് പറഞ്ഞു സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് ഇതിനപ്പുറം സാധ്യമല്ല. ശ്രീ. ജയരാജന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു, ചില സ്ഥലങ്ങളിൽ നമ്മൾ റിലാക്സ് ചെയ്യാറുണ്ട് എന്ന് പി.എസ്.സി യിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ടി യെങ്കിലും സാമ്പത്തികമായ ഈ പരിമിതി മാറ്റിനിറുത്തി ആവശ്യമായ പോസ്റ്റിംഗുകൾ നടത്തുന്നതിന് തീരുമാനം എടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഗവൺമെന്റിന് ചെലവ് വരുന്ന ഏത് കാര്യവും ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ടെ ചെയ്യാൻ പറ്റൂ. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് അത് അർഹിക്കുന്ന ഗൗരവത്തോടുകൂടിതന്നെ ഗവൺമെന്റ് കാണുന്നു. എന്നുവച്ചാൽ പതിനായിര കണക്കിന് യുവതിയുവാക്കളുടെ ഭാവിജീവിതം തുലാസിലാടുന്നു. അപേക്ഷ പ്രോസസ് ചെയ്യുന്നതിനും ലിസ്റ്റ് തയ്യാറാക്കുന്നതിന് പോസ്റ്റിംഗ് നടത്താനുള്ള താമസം ഇതെല്ലാം ആയാലും ചിലപ്പോൾ ലിസ്റ്റിൽ നിന്ന് ആളെ എടുക്കാതിരിക്കുന്ന ഒരു സ്ഥിതി വിശേഷവുമുണ്ട്. അതുകൊണ്ട് ഒരു കാര്യം ഞാൻ തറപ്പിച്ച് പറയാം. കമ്പ്യൂട്ടർറൈസ്ഡ് ചെയ്താലും മാൻ പവർ വേണ്ടി വരും. ആ മാൻ പവർ എത്ര ആവശ്യമുണ്ടോ അത് കണക്കാക്കി തസ്തികകൾ സൃഷ്ടിക്കുമ്പോൾ നിശ്ചയമായും ഈ വിംഗിന് പ്രത്യേക മുൻഗണന കൊടുക്കേണ്ടതാണ്. സാമ്പത്തിക പരിമിതി നോക്കാതെ ചെയ്യാം എന്ന് ഞാൻ പറഞ്ഞല്ലോ. ആ പരിമിതിയിൽ നിന്നുകൊണ്ട് മാക്സിമം പ്രയോറിറ്റി ഇതിന് കൊടുക്കും, എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ഏറ്റവും കൂടുതൽ താമസിക്കുന്ന ഒരു ഭൂതലമാണ് കേരളം. ഈ കേരളത്തിൽ ഓരോ തസ്തികകളിലും ലക്ഷക്കണക്കിനാളുകൾ അപേക്ഷ അയച്ച് കാത്തിരിക്കുകയാണ്. വർഷങ്ങൾ കഴിഞ്ഞാലും അത് പരിശോധിക്കുന്നില്ല. അപ്പോൾ ഓരോ തസ്തികകൾക്കും ഓരോ സന്ദർഭത്തിൽ പരീക്ഷ നടത്തണം. എന്നുള്ളത് ബാധകമാക്കണം. എസ്.എസ്.എൽ.സി പാസ്സായി ജോലിക്ക് അപേക്ഷിക്കുന്ന ഒരാളുടെ മെറിറ്റ് വച്ചുകൊണ്ട് അപേക്ഷ സോർട്ട് ചെയ്യണം. ലക്ഷക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുന്ന ഇന്നത്തെ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനും വളരെ വേഗം തൊഴിൽ കൊടുക്കുന്നതിനുമുള്ള ഒരു സാഹചര്യം ഉണ്ടാക്കണം. ഒഴിച്ചു കൂടുതൽ വയ്യാത്ത സമയങ്ങളിൽ പരീക്ഷ നടത്തുന്നതിനും കുഴപ്പമില്ല. ഇത് പരിശോധിക്കേണ്ടതല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : അക്കാഡമിക് ആയും അഡ്മിനിസ്ട്രേറ്റീവ് ആയും വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അതായത് ഒരു പരീക്ഷ പാസായാൽ ആ പരീക്ഷയിലെ വിഷയങ്ങളെ സംബന്ധിച്ചുള്ള ആ വിദ്യാർത്ഥിയുടെ അറ്റെയ്ൻമെന്റ് ആ പരീക്ഷയിലെ മാർക്ക് ആണ് രണ്ടാമതും പരീക്ഷ വേണോ ഇതാണ് ആ ചോദ്യത്തിൽ ഉള്ളത്. പക്ഷേ അതിൽ ഒരുകാര്യം വളരെ ശരിയാണ്. ഇത്തരത്തിലുള്ള പരീക്ഷകളിലെല്ലാം ആപ്റ്റിറ്റ്യൂഡ് പരിശോധിക്കാനുള്ള സ്റ്റാഡേർഡൈസ്ഡ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ആണ് നടത്തേണ്ടത്. ഡോക്ടർമാരെ റിക്രൂട്ട് ചെയ്യുമ്പോൾ നല്ല ഡോക്ടർമാർ ആകാനുള്ള ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന് മുൻഗണന

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകൊണ്ട് സബ്ജക്ടിലുള്ള ആവർത്തന ചോദ്യങ്ങൾ വേണം ആ പരീക്ഷയിൽ ചോദിക്കാൻ. മെഡിക്കൽ കോളേജിലും, എഞ്ചിനീയറിംഗ് കോളേജിലും അഡ്മിഷന് സബ്ജക്ട് ചോദിക്കുന്നതിനേക്കാളും വേണ്ടത് To discover an Engineer in a person, to divscover a Doctor in a person. അതിനുള്ള ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ആണ്. അത് അക്കാഡമിക്കലി സൗണ്ട് ആണ്. സൈക്കോളജിക്കലി correct ആണ് എന്നതുകൊണ്ട് അതൊരു മോഡൽ ആക്കണം. മെമ്പർ അതിന്റെ പ്രയോഗത്തെ; that point is well taken - ഗവൺമെന്റ് ആ കാര്യം വളരെ സൂക്ഷ്മമായി പരിശോധിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സുപ്രീം കോടതിയുടെ തീരുമാനത്തിനുശേഷം പബ്ലിക് സർവീസ് കമ്മിഷന്റെ നിറുത്തിവച്ച നിയമനം വീണ്ടും പുനരാരംഭിക്കാൻ നിർദ്ദേശം കൊടുത്തതായി അങ്ങ് പറഞ്ഞു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി കൂട്ടിയതായും അങ്ങ് പറഞ്ഞു. ഇങ്ങനെ നിയമനം നിറുത്തിവച്ചതുകൊണ്ട് ഈ റാങ്കു ലിസ്റ്റിൽപ്പെട്ട ആളുകൾക്ക് നഷ്ടപ്പെട്ടു പോയ ദിവസങ്ങൾ കിട്ടത്തക്ക വിധത്തിലുള്ള ഒരു സംവിധാനമാണോ ഗവൺമെന്റ് എടുത്ത തീരുമാനത്തിലുള്ളത്?

ശ്രീ. ടി. ശിവദാസമേനോൻ : നഷ്ടപ്പെട്ട ദിവസങ്ങൾ സർവീസിൽ കിട്ടുമോ എന്നത് പ്രസക്തമായ ഒരു പോയിന്റാണ്. ആ ഇഷ്യൂവിന്റെ നിയമപരമായ എല്ലാ വശങ്ങളും അതിന്റെ ഇംപ്ലിക്കേഷനും വളരെ പ്രധാനമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ പബ്ലിക് സർവീസ് കമ്മിഷന്റെ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. അതുകൊണ്ടാണ് നഷ്ടപ്പെട്ടുപോയ ദിവസം കിട്ടുമോയെന്ന് ചോദിച്ചത്?

ശ്രീ. ടി. ശിവദാസമേനോൻ : ഗവൺമെന്റിന് അതിനുള്ള അധികാരമുണ്ട്. ആളെ എടുത്തിട്ട് പബ്ലിക് സർവീസ് കമ്മിഷന്റെ കൺകറൻസിന് അയക്കും. കൺകറൻസിന് റെഫ്യൂസ് ചെയ്താൽ, ഒരിക്കൽക്കൂടി തീരുമാനിച്ചയച്ചാൽ കൺകറൻസ് കിട്ടിയെന്നാണ് അർത്ഥം. ഗവൺമെന്റിന് സ്വീപ്പിംഗ് പവേഴ്സ് ഉണ്ട്. അതിന് യാതൊരു സംശയവും വേണ്ട. അതുകൊണ്ട് പബ്ലിക് സർവീസ് കമ്മിഷന്റെ ഈ നിറുത്തിവച്ച ദിവസം, അതൊരു യഥാർത്ഥ പ്രോബ്ളമാണ്. ആ പ്രശ്നത്തിന്റെ ലീഗൽ ഇംപ്ലിക്കേഷൻ പരിശോധിച്ച ശേഷം യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്ററുടെ പരീക്ഷ വേണമോ വേണ്ടയോ എന്ന ചോദ്യത്തിന് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് അനിവാര്യമാണെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അതിനോട് യോജിക്കേണ്ടതാണെന്നു തോന്നുന്നു. ഇവിടെ ചില ഡോക്ടർമാരുണ്ട്, അവർ ഡോക്ടർമാരായാൽ അവർക്ക് രോഗിയെ ചികിത്സിക്കാൻ പരിചയമുണ്ടോ അതോ പൊളിറ്റിക്സിലാണോ പരിചയം എന്നു ചോദിക്കുന്നത് നല്ലതാണ്. നമ്മുടെയിടയിൽ രണ്ടുമൂന്നു ഡോക്ടർമാരുണ്ട്. ഡോക്ടർ എം.എ. കുട്ടപ്പൻ, ഡോക്ടർ കെ.സി. ജോസഫ്, ഡോക്ടർ എം.കെ. മുനീർ അവർക്ക് രോഗത്തിന്റെ ചികിത്സയല്ല, രാഷ്ട്രീയത്തിന്റെ ചികിത്സയാണ് നല്ലത്.

ശ്രീ. ടി. ശിവദാസമേനോൻ : ഡോ. എം.കെ. മുനീറും, ഡോ. കെ.സി. ജോസഫും, ഡോക്ടർ എം.എ. കുട്ടപ്പനും ഒക്കെ പി.എസ്.സി.യിൽ അപേക്ഷിച്ചിട്ടേയില്ല. അവർ പൊളിറ്റീഷ്യൻസ്നാകാനാണ് തീരുമാനിച്ചിട്ടുള്ളത്. അവർ നല്ല പൊളിറ്റീഷ്യൻസായി തിളങ്ങുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ഡോ. എം.എ. കുട്ടപ്പൻ പി.എസ്.സി.യിൽ നിന്ന് ജോലി കിട്ടിയിരുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : പി.എസ്.സി.യിൽ നിന്ന് ജോലിയിലിരുന്നെങ്കിൽ അദ്ദേഹം എവിടെയോ എത്തുമായിരുന്നു, പക്ഷെ ആ ജോലി ഉപേക്ഷിച്ച് ഇവിടെ വന്നതാണ്. അതുപോലെ ഡോക്ടർ മുനീർ വളരെ സാധ്യതയുള്ള ഡോക്ടറാണ്. ഡോ. കെ.സി. ജോസഫ് നല്ലൊരു ഡോ. ആകുമായിരുന്നു. കാലിക്കട്ട് മെഡിക്കൽ കോളേജിൽ ആണ് അദ്ദേഹം പഠിച്ചത്. അന്നു മുതൽ ഞാൻ അദ്ദേഹത്തെ അറിയും, പക്ഷെ അവരൊക്കെ അത് ഉപേക്ഷിച്ചു, എത്രയോ ആളുകൾ ഡോക്ടർ പണിയും വക്കീൽ പണിയും ഉപേക്ഷിച്ച് രാഷ്ട്രീയത്തിൽ വന്നിട്ടുണ്ട്. ശ്രീ. ബാലൻ വൈദ്യരുടെ കാര്യം പറഞ്ഞാൽ അദ്ദേഹം പാരമ്പര്യ വൈദ്യനാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഇവിടെ ശ്രീ. കെ.പി. രാജേന്ദ്രൻ ചോദിച്ച ചോദ്യത്തിന്റെ വിശദീകരണത്തിനുവേണ്ടി ഞാൻ ചോദിക്കുകയാണ്. ഈ റാങ്കു ലിസ്റ്റിന്റെ കാലാവധി പലപ്പോഴും നീണ്ടുപോകുന്നു. ഒരു ഉദാഹരണം പറയാം, പോലീസിലേയ്ക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ട് രണ്ടുവർഷമായി. റാങ്ക് ഹോൾഡേഴ്സിന്റെ അസോസിയേഷൻ ഫോം ചെയ്ത് എം.എൽ.എ. മാർക്കൊക്കെ മെമ്മോറാണ്ടം അയച്ചിരിക്കുകയാണ്. അങ്ങനെയുള്ള കേസ് പരിശോധിച്ച് അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ പോലീസിൽ മാത്രമല്ല, ജോലികിട്ടാൻ താമസിക്കുന്നവരൊക്കെ അസോസിയേഷൻ ഉണ്ടാക്കിയിട്ടുണ്ട്, അത് താമസിക്കുന്നതുകൊണ്ട് മാത്രമല്ല അവരെ ഏത് പോസ്റ്റിലാണോ അഡ്വർടൈസ് ചെയ്തത് ആ പോസ്റ്റിലേക്ക് ഡിപ്പാർട്ടുമെന്റിൽ താഴത്തെ പോസ്റ്റിൽ നിന്ന് പ്രമോഷൻ വരുന്നു. അങ്ങനെ ഫിൽഅപ്പ് ചെയ്യുമ്പോൾ പിന്നെന്തിനാണ് ഞങ്ങളെ കഷ്ടപ്പെടുത്തിയത് എന്ന ചിന്താഗതിയിലാണ് പല റാങ്ക് ഹോൾഡേഴ്സും അസോസിയേഷൻ ഉണ്ടാക്കുന്നത്. ഇവരും ഉണ്ടാക്കിയിട്ടുണ്ട്, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അത് പരിശോധിച്ച് കാലതാമസം വരാതിരിക്കാൻ, റാങ്ക് ലിസ്റ്റ് ലാപ്സാകുന്നതിന് മുമ്പ് അതിൽനിന്ന് ആളെയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

3 (*153)ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പൂർണ്ണമായി പബ്ലിക് സർവ്വീസ് കമ്മീഷനു വിടുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഇതിനകം ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി.ക്കു വിട്ടതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 2

(28.2.2000 ത്തിലെ നക്ഷത്രചിഹ്നമിട്ട 2(152) നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.

Newly Created posts (after 20.5.1996)

Joint Secretary	-	2
Under Secretary	-	1
Section Officer	-	39
Enquiry Officer	-	1
Office Superintendent	-	3
Assistant Gr.II	-	12
Typist Gr.II	-	29
Confidential Assistant Gr.II	-	22
Clerical Assistant	-	1
Attender	-	1
Peon	-	18
Security Guard	-	5
Police Constable (Driver)	-	1
System Manager/EDP	-	1
System Analyst/Sr.Programmer	-	1
Programer	-	2
Technical Assistant	-	1
Data Entry Operator	-	1
Part Time Sweeper Cum Sanitation worker	-	2
Total		123

Upgradation

Name of Post	Number of Posts	Upgraded Post
Joint Secretary	2	Additional Secretary
Deputy Secretary	4	Joint Secretary
Confidential Assistant	16	
Total	22	

1122/2010.

LIBRARY ARCHIVES Kerala Legislative Assembly